# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2455** | **08/03/2017 ൽ മറുപടിക്ക്**

## വ്യവസായ പ്രോൽസാഹന പദ്ധതികൾ

| | **ശ്രീ. ബി. സത്യൻ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | വ്യവസായ വകുപ്പിന്റെ വ്യവസായ പാർക്കുകൾ, സ്റ്റാർട്ടപ്പ് വില്ലേജുകൾ, ഇൻക്യുബേറ്ററുകൾ എന്നിങ്ങനെ വ്യവസായ പ്രോത്സാഹന പദ്ധതികൾ ആരംഭിക്കുന്നതിന് എന്ത് അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത്; അടിസ്ഥാന സൗകര്യം ഒരുക്കിയാൽ ഇവ ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ; | **(എ)** | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വ്യവസായ പാർക്കുകൾ, സ്റ്റാർട്ടപ്പ് വില്ലേജുകൾ, ഇൻക്യുബേറ്ററുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പിന്റെ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന ഒരു സംരംഭകന് പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡുകൾ എന്നിവ കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അനുമതികൾ എന്നിവയാണ് ആവശ്യമായി വരുന്നത്.<br><br>വ്യവസായ വകുപ്പിന്റെ കീഴിൽ ഇൻക്യുബേറ്ററുകൾ നിലവിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. അവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇൻക്യുബേഷൻ സെന്ററുകൾ മാതൃകാ പ്രോജക്ടുകൾ, അസംസ്കൃത വസ്തുക്കൾ, യന്ത്രസാമഗ്രികൾ, സാങ്കേതികവിദ്യ, സാങ്കേതികസഹായ സ്ഥാപനങ്ങൾ എന്നിവയെകുറിച്ചുള്ള വിവരങ്ങൾ, തുടങ്ങിയ വിജ്ഞാന അടിസ്ഥാനമായ സൗകര്യങ്ങൾ Discussion Hall, Computerized |

| | | | |
|---|---|---|---|
| | | | സംവിധാനം, Reference Library തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ആവശ്യമാണ്. വ്യവസായ പാർക്കുകൾക്ക് ആവശ്യമായ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, വൈദ്യുതി, ജലം, റോഡുകൾ എന്നീ അടിസ്ഥാ സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ചെറുകിട വ്യവസായ രംഗത്തേക്ക് കടന്നു വരുന്നവർക്കായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്; വിശദമാക്കുമോ; | (ബി) | ചെറുകിട വ്യവസായ രംഗത്ത് കടന്നുവരുന്നവർക്കുവേണ്ടി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേരളത്തിലെ സാഹചര്യങ്ങൾ അനുസരിച്ച് ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബുകൾ) വഴി ധനസഹായം നൽകി വരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉല്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും |

| | | | |
|---|---|---|---|
| | | | പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കി.<br>കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ് ടു ബിസിനസ് മീറ്റുകൾ ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിപണന പ്രോൽസാഹനാർത്ഥം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന മേളകൾ സംഘടിപ്പിച്ചുവരുന്നു.<br>ചെറുകിട വ്യവസായ രംഗത്തേക്ക് കടന്നു വരുന്നവർക്കായി കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 21 വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള അപേക്ഷ ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ചു; എന്തെല്ലാം നടപടികൾ കൈക്കൊണ്ടു; വിശദമാക്കുമോ? | | ആറ്റിങ്ങൽ മണ്ഡലത്തിൽ സ്വയംതൊഴിൽ സംരംഭകർക്കായി ലഭിച്ച അപേക്ഷകളും സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**<u>പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി:</u>**<br><br>**ആകെ ലഭിച്ച അപേക്ഷകൾ - 5**<br><br>**<u>സ്വീകരിച്ച നടപടി</u>**:- ലഭിച്ച 5 അപേക്ഷകൾ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി (ഡി.എൽ.റ്റി.എഫ്.സി) - യിൽ അവതരപ്പിക്കുകയും അവ ഡി.എൽ.റ്റിഎഫ്.സി അംഗീകാരത്തോടെ ബാങ്കിലേക്കയ്ക്കുകയും ചെയ്തു. ആയതിൽ 3 അപേക്ഷ ബാങ്ക് സാങ്ഷൻ ചെയ്യുകയും ലോൺ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി തുക ബാങ്ക് ക്ലെയിം ചെയ്യുകയും ഉണ്ടായി. 2 അപേക്ഷകൾ നിരസിച്ചു. |

| | | | |
|---|---|---|---|
| | | | **<u>എസ്.സി.എ ടു എസ്.സി.പി വരുമാന ദായക പദ്ധതി:-</u>**<br><br>**ആകെ ലഭിച്ച അപേക്ഷകൾ - 9**<br>**<u>സ്വീകരിച്ച നടപടി</u>**:- എല്ലാ അപേക്ഷകരും സമർപ്പിച്ച ഇൻവോയിസ് പ്രകാരം വ്യവസായ വകുപ്പിൽ നിന്നും പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ബാങ്കിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ആയതിൽ 4 അപേക്ഷകർക്ക് ബാങ്ക് ലോണും വ്യവസായ വകുപ്പ് മുഖാന്തിരം സബ്സിഡിയും നൽകുകയുണ്ടായി. 5 അപേക്ഷകൾ ബാങ്കിൽ പ്രോസസിംഗിലാണ്. |

സെക്ഷൻ ഓഫീസർ